(എ) സംസ്ഥാനത്ത് ട്രഷറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമ മാക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ടി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ട്രഷറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനായി ഇനി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) സംസ്ഥാനത്തെ ട്രഷറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമ മാക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ എല്ലാ ട്രഷറികളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ട്രഷറികൾ തമ്മിലും ട്രഷറികളും ധനകാര്യവകുപ്പും അക്കൗണ്ടന്റ് ജനറൽ ആഫീസുമായും കമ്പ്യൂട്ടർ ശൃംഖല മുഖേന ബന്ധിപ്പി ക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും 2003 സെപ്റ്റംബർ 30-ാം തീയതി യോടുകൂടി ധനമിടപാടുകൾ കമ്പ്യൂട്ടർ മുഖേന നടത്തുവാൻ പ്രാപ്തമാക്കുന്നതിനും ട്രഷറി കെട്ടിടങ്ങളുടെ ശോച്യാവസ്ഥ പരിഹരിച്ച് ജീവനക്കാർക്കും ട്രഷറി ഇടപാടു കാർക്കും മെച്ചപ്പെട്ട സൗകര്യം നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള ഫോറസ്ട്രി പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

*11 [799] ശ്രീ. എം. വി. ജയരാജൻ:
,, മഞ്ഞളാംകുഴി അലി:
,, ടി. കെ. ബാലൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോറസ്ട്രി പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) ലോകബാങ്കിന്റെ സഹായത്തോടെ വനമേഖലയുടെ ഉന്നമനത്തിനും ശാസ്ത്രീയ രീതിയിൽ വ്യത്യസ്ത ജൈവ വൈവിദ്ധ്യ മേഖലകളുടെ ഉന്നമനത്തിനുമായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ഈ പദ്ധതി ആരംഭിച്ചത്; ഈ പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഇതിനകം ലോകബാങ്കിൽനിന്നും എന്തു തുക ലഭിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഡി) ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സ്കീമുകളാണ് നടപ്പിലാക്കി യിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വനം വകുപ്പിലെ വിവരശേഖരണം, മാനേജ്മെന്റ് വിശകലനം, ക്രോഡീകരണം, പ്രചരണം എന്നിവ അഭിവൃദ്ധിപ്പെടുത്താൻ വേണ്ടി ഏതെങ്കിലും സ്ഥാപനത്തിന് കൺസൾട്ടൻസി നൽകിയിട്ടുണ്ടോ; എങ്കിൽ അവ ഏത് സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളതെന്ന് പറയാമോ;

(എഫ്) കൺസൾട്ടൻസിയെ തെരഞ്ഞെടുത്തതിലുള്ള മാനദണ്ഡം, അവർക്കു നൽകുന്ന ഫീസ്, മറ്റു വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് വിശദവിവരം നൽകുമോ;

(ജി) ഫോറസ്ട്രി പ്രോജക്ടിന്റെ ഘടകമായ വനപരിപാലനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) കേരള ഫോറസ്ട്രി പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

(1) ജൈവ വൈവിദ്ധ്യ സംരക്ഷണം മെച്ചപ്പെടുത്തുകയും വനങ്ങളുടെ മൂല്യശോഷണം തടയുകയും ചെയ്യുക. തൻമൂലം വനങ്ങൾ അവയുടെ പാരിസ്ഥിതിക പ്രവർത്തനങ്ങൾ പൂർണ്ണമായി തുടർന്നും നടത്തിക്കൊണ്ടിരിക്കും.

(2) നിർദ്ദിഷ്ട വനപ്രദേശങ്ങളിലും കൃഷി സ്ഥലങ്ങളിലും തടിയുടേയും തടിയിതര വന ഉല്പന്നങ്ങളുടേയും സ്ഥായിയായ ഉല്പാദനം വർദ്ധിപ്പിക്കുക.

(3) വനത്തിനുള്ളിലും പരിസരത്തും താമസിക്കുന്ന ആദിവാസികൾ ഉൾപ്പെടെയുള്ള സമൂഹത്തിലെ ദരിദ്രരും ദുർബ്ബലരും ആയ ഗ്രാമീണ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക.

(ബി) ലോകബാങ്കിന്റെ സഹായത്തോടെ കേരളാ ഫോറസ്ട്രി പദ്ധതി, ഗ്ലോബൽ എൻവയോൺമെന്റിന്റെ ഫെസിലിറ്റിയുടെ ഭാഗമായി തേക്കടിയിലെ പെരിയാർ ടൈഗർ റിസർവ്വിൽ ഇന്ത്യാ ഇക്കോ ഡവലപ്പ്മെന്റ് പദ്ധതി എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്. കേരളാ ഫോറസ്ട്രി പ്രോജക്ട് 1998 ജൂലൈ മാസം മുതലും ഇന്ത്യാ ഇക്കോ ഡവലപ്പ്മെന്റ് പദ്ധതി 1996 നവംബർ മാസം മുതലും നടപ്പിലാക്കി വരുന്നു. കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ അടങ്കൽ തുക 182.39 കോടി രൂപയും ഇന്ത്യാ ഇക്കോ ഡവലപ്പ്മെന്റ് പദ്ധതിയുടെ അടങ്കൽ തുക 30.59 കോടി രൂപയുമാണ്.

(സി) ഈ പദ്ധതികളുടെ നടത്തിപ്പിനായി ഇതിനകം ലോകബാങ്കിൽനിന്നും 107.73 കോടി രൂപ കേരളാ ഫോറസ്ട്രി പ്രോജക്ടിനും 24.26 കോടി രൂപ ഇന്ത്യാ ഇക്കോ ഡവലപ്പ്മെന്റ് പദ്ധതിക്കും ലഭ്യമായിട്ടുണ്ട്.

(ഡി) കേരളത്തിലെ വനമേഖലയുടെ സമഗ്രമായ വികസനവും വന സംരക്ഷണവും ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് കേരളാ ഫോറസ്ട്രി പ്രോജക്ട്. വനമേഖലയുടെ ഭരണനിർവ്വഹണത്തിനാവശ്യമായ നയപരിഷ്കരണം, സ്ഥാപനവികസനം, മാനവശേഷി വികസനം, വനപരിപാലനത്തിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly

സ്വാഭാവിക വനം അഭിവൃദ്ധിപ്പെടുത്തൽ, ഈറ, മുള, ചൂരൽ എന്നിവയുടെ പുനരുദ്ധാരണം, പ്രക്ഷീണ വനങ്ങളിലെ പുനരധിവാസം, പങ്കാളിത്ത വനപരിപാലനം, തോട്ടങ്ങളുടെ നിർമ്മാണം, നടീൽ വസ്തുക്കളുടെ മെച്ചപ്പെടുത്തലും പ്രയുക്ത ഗവേഷണവും, വീട്ടുവളപ്പിലെ വനവൽക്കരണം, കാട്ടുതീ സംരക്ഷണം എന്നിവയാണ് കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ പ്രധാന ഘടകങ്ങൾ.

ഇന്ത്യാ ഇക്കോ ഡവലപ്പ്മെന്റ് പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്:

(1) പെരിയാർ ടൈഗർ റിസർവ്വിന്റെ ജൈവ വൈവിദ്ധ്യ സംരക്ഷണ പദ്ധതികൾ.

(2) വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെ സംരക്ഷണത്തിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കാനായി ഇക്കോ ഡവലപ്പ്മെൻറ് കമ്മിറ്റി രൂപീകരിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ.

(3) പരിസരവാസികളുടെ ഉന്നമനത്തിനും തദ്വാര അവർമൂലം സംരക്ഷണ കേന്ദ്രത്തിനുണ്ടാകുന്ന വിപരീത സമ്മർദ്ദം കുറയ്ക്കുവാനുള്ള പ്രവർത്തനങ്ങൾ.

(4) ജീവജാലങ്ങളെയും ജന്തുജാലങ്ങളെയും കുറിച്ചുള്ള ഗവേഷണ പഠനങ്ങൾ.

(ഇ) ഉണ്ട്. ഒരു ഇന്ത്യാ ഗവൺമെന്റ് സംരംഭമായ റെയിൽ ഇന്ത്യാ ടെക്നിക്കൽ ആന്റ് ഇക്കണോമിക് സർവ്വീസസ് ലിമിറ്റഡ് (റൈറ്റ്സ് ലിമിറ്റഡ്), ന്യൂഡൽഹിയാണ് നൽകിയിട്ടുള്ളത്.

(എഫ്) കൺസൾട്ടൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള ലോകബാങ്കിന്റെ മാനദണ്ഡം അനുസരിച്ചാണ് പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത്. കൺസൾട്ടൻസി ഫീസ് 92.5 ലക്ഷം രൂപയാണ്. വിശദമായ വ്യവസ്ഥകൾ അടങ്ങുന്ന ലോകബാങ്കിന്റെ അംഗീകാരമുള്ള കരാർ വ്യവസ്ഥകളിലാണ് കൺസൾട്ടൻസി നൽകിയിരിക്കുന്നത്. മൂന്നുകൊല്ലം കാലാവധിയുള്ള ഈ കരാർ 20-4-2001-ൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും (ലോകബാങ്ക് പദ്ധതി) റൈറ്റ്സും കൂടി ഒപ്പുവച്ചിട്ടുണ്ട്. കരാർ പ്രകാരമുള്ള ടേംസ് ഓഫ് റഫറൻസിലെ പ്രവർത്തനങ്ങൾ തൃപ്തികരമായി പൂർത്തീകരിക്കുന്ന മുറയ്ക്ക് ആറു തവണകളായി കരാർ അടങ്കൽ റൈറ്റ്സിന് നൽകാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. കരാറുകാർക്ക് ബന്ധപ്പെട്ട രേഖകളും മാപ്പുകളും മറ്റും വിശകലനം ചെയ്യുവാനുള്ള അവസരം നൽകുവാനും ആവശ്യമായിവരുന്ന ഹാർഡ്വെയർ, സോഫ്റ്റ് വെയർ എന്നിവ അവർക്ക് ലഭ്യമാക്കാനും കരാറിൽ വ്യവസ്ഥയുണ്ട്.

(ജി) കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ ഘടകമായ വനപരിപാലനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വാഭാവിക വനം അഭിവൃദ്ധിപ്പെടുത്തൽ, ഈറ, മുള, ചൂരൽ എന്നിവയുടെ പുനരുദ്ധാരണം, പ്രക്ഷീണ വനങ്ങളിലെ പുനരധിവാസം, നടീൽ വസ്തുക്കളുടെ മെച്ചപ്പെടുത്തലും പ്രയുക്ത ഗവേഷണവും, വീട്ടുവളപ്പിലെ വനവൽക്കരണം, കാട്ടുതീ സംരക്ഷണം എന്നീ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly